"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രസിദ്ധീകൃത തിരുവല്ല ടൗൺ മാസ്റ്റർ പ്ലാൻ - 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്സ് സെക്ഷൻ 36(7)പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.17/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/01/2021

പരാമർശം:- 1 16/11/2019-ലെ സ.ഉ.(കൈ)നം.146/2019/തസ്വഭവ.

2 12/08/2020-ലെസ.ഉ.(കൈ)നം.129/2020/തസ്വഭവ.

3 തിരുവല്ല നഗരസഭ കൗൺസിലിന്റെ 11/09/2020 ലെ 24ാം നമ്പർ തീരുമാനം

4. തിരുവല്ല നഗരസഭ സെക്രട്ടറിയുടെ 30/09/2020-ലെ ടിപി/3236/16 നമ്പർ കത്ത്.

5. മുഖ്യനഗരാസൂത്രകന്റെ 27/10/2020-ലെ ടിസിപിസിടിപി/1446/2020-എഫ്2 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം തിരുവല്ല ടൗൺ മാസ്റ്റർ പ്ലാനിന് സർക്കാർ പ്രസിദ്ധീകരണാനുമതി നല്കുകയും 2020 ജനുവരി 21 ലെ കേരള ഗസറ്റിൽ നഗരസഭ മാസ്റ്റർ പ്ലാൻ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

(2) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് , സെക്ഷൻ 36(7) പ്രകാരമുള്ള തുടർനടപടികൾ പൂർത്തീകരിക്കാൻ നഗരസഭക്ക് സാധിക്കാത്തതിനാൽ പരാമർശം 2 ഉത്തരവ് പ്രകാരം സമയപരിധി 20/09/2020 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

(3) കോവിഡ്-19 നിയന്ത്രണങ്ങൾ മൂലം തുടർനടപടികൾ പൂർത്തീകരിക്കാൻ നഗരസഭക്ക് സാധിക്കാഞ്ഞതിനാലും മാസ്റ്റർപ്ലാൻ പൂർത്തീകരിക്കേണ്ട കാലാവധി 20/09/2020-ൽ അവസാനിച്ചതിനാലും മാസ്റ്റർപ്ലാൻ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള കാലാവധി

20/12/2020 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 3 പ്രകാരം കൗൺസിൽ തീരുമാനം എടുക്കുകയും അപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകാൻ പരാമർശം 4 പ്രകാരം തിരുവല്ല നഗരസഭ സെക്രട്ടറി അപേക്ഷിക്കുകയും ചെയ്തു.

(4) 2016-ലെകേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(11) പ്രകാരം മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആക്ടിലെ സെക്ഷൻ 36(3) മുതൽ 36(8) വരെ പരാമർശിച്ചിരിക്കുന്ന സമയപരിധി ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുവാൻ സർക്കാരിന് അധികാരമുണ്ട്.

(5) കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിലുള്ള നിയന്ത്രണങ്ങൾ കണക്കിലെടുത്ത് തിരുവല്ല നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടതു പ്രകാരം 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(7) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുവാൻ 20/12/2020 വരെ സമയപരിധി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് പരാമർശം 5 പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പ്രസിദ്ധീകൃത തിരുവല്ല ടൗൺ മാസ്റ്റർ പ്ലാനിന്മേൽ 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(7) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ആക്ടിന്റെ സെക്ഷൻ 36(11) പ്രകാരം 2020 ഡിസംബർ 20 വരെ ദീർഘിപ്പിച്ച് നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) തിരുവനന്തപുരം
2. സെക്രട്ടറി, തിരുവല്ല നഗരസഭ
3. ടൗൺ പ്ലാനർ, പത്തനംതിട്ട (മുഖ്യനഗരാസൂത്രകൻ) മുഖേന
4. ✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ